LIBRARY ARCHIVES Kerala Legislative Assembly

ഗാലസയുടെ നടത്തിപ്പിനെപ്പറ്റി അന്വേഷണം

68 (2516) ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി മേഴ്സി രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവകലാശാല, പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ കാര്യാലയം, പാലക്കാട് ജില്ലാ പഞ്ചായത്ത് എന്നിവ ചേർന്ന് നടപ്പിലാക്കിയ ഗാലസായുടെ നടത്തിപ്പിനെപ്പറ്റി പെർഫോമൻസ് ഓഡിറ്റ് വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ്, കാർഷിക സർവകലാശാലയിൽ യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതിലുള്ള ക്രമക്കേടുകളെപ്പറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നുവോ ;

(ബി) അതനുസരിച്ച് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ടിൽ, ഗാലസായുടെ നടത്തിപ്പിനെപ്പറ്റി പെർഫോമൻസ് ഓഡിറ്റ് വിംഗിനെക്കൊണ്ടുള്ള അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

നെൽവയലുകളിൽ രണ്ടാംവിളയായി മത്സ്യകൃഷി

69 (2517) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽവയലുകളിൽ രണ്ടാംവിളയായി മത്സ്യകൃഷി നടത്തുന്നതിൽ ആരുടെയെങ്കിലും എതിർപ്പ് ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ എതിർപ്പിനെതിരെ കർഷകർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട് ;

(സി) കർഷകരുടെ ഇഷ്ടപ്രകാരം നെൽവയലുകളിൽ രണ്ടാം കൃഷിയായി മത്സ്യകൃഷി നടത്തുന്നവർക്ക് അതിനുവേണ്ട സംരക്ഷണം നൽകുമോ ?